ആദ്യ 100 റാങ്കിനുള്ളിൽ ഉൾപ്പെട്ടവർ താഴെപ്പറയും പ്രകാരമാണ്.

കോഴ്സ്	സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ.	മറ്റുള്ളവർ
എഞ്ചിനീയറിംഗ്	71	29
മെഡിക്കൽ	57	43

ചോദ്യ ബാങ്ക് രൂപീകരിക്കുന്നതിന്റെ പ്രാരംഭ ചെലവ്

79 (2943) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്കുള്ള ചോദ്യ ബാങ്ക് രൂപവൽക്കരിക്കുന്നതിന് എത്ര ലക്ഷം രൂപയുടെ പ്രാരംഭ നിക്ഷേപം ആണ് ആവശ്യമായിട്ടുള്ളത് ;

(ബി) ഈ തുക എങ്ങനെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ചോദ്യ ബാങ്ക് രൂപവൽക്കരിക്കുന്നതിന് ആദ്യഘട്ടത്തിൽ എത്ര ചോദ്യങ്ങൾ വേണ്ടി വരും ;

(ഡി) ഈ ചോദ്യങ്ങൾ തയ്യാറാക്കുന്ന രീതി സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ചോദ്യ ബാങ്ക് തയ്യാറാക്കുന്നതിന് അയൽ സംസ്ഥാനങ്ങളിലെ വിദഗ്ദ്ധരുടെ സേവനം ആവശ്യമുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ കണക്കനുസരിച്ച് ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ ഒന്നാം വർഷം 29 ലക്ഷം രൂപയുടേയും രണ്ടാം വർഷം 21 ലക്ഷം രൂപയുടേയും തുടർന്നുള്ള വർഷങ്ങളിൽ പ്രതിവർഷം 15 ലക്ഷം രൂപയുടേയും നിക്ഷേപമാണ് വേണ്ടിവരിക.

(ബി) ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ഉദ്ദേശ്യം 50,000 ചോദ്യങ്ങൾ വേണ്ടിവരും.

(ഡി-എഫ്) ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ സർക്കാർ ഇതുവരെയും തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly